**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 110** **19-06-2024 - ൽ മറുപടിയ്ക്ക്**

**ഭൂമി തരം മാറ്റൽ നടപടികളിൽ നിന്നും മാഫിയ സംഘങ്ങളെ ഒഴിവാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. കെ. എം. അഷ്‌റഫ്, ശ്രീ. മഞ്ഞളാംകുഴി അലി , ശ്രീ. എൻ. എ. നെല്ലിക്കുന്ന് , പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** | | **ശ്രീ. കെ. രാജൻ (റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഭൂമി തരം മാറ്റുന്നതിനുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ; | (എ) | 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരമുള്ള അപേക്ഷകൾ വേഗത്തിൽ തീർപ്പാക്കുന്നതിനും ഇതുമായി ബന്ധപ്പെട്ട പരാതികൾ യഥാവിധി പരിഹരിക്കുന്നതും സംബന്ധിച്ച വിഷയം സർക്കാർ ഗൗരവമായി പരിഗണിച്ച് താഴെപ്പറയും പ്രകാരമുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.<br><br>1. 22.02.2022-ലെ സ.ഉ.(കൈ) നമ്പർ 56/2022/ ആർഡി ഉത്തരവ് പ്രകാരവും, 26.11.2022 ലെ സ. ഉ. (കൈ) നമ്പർ 278/2022/ആർഡി ഉത്തരവ് പ്രകാരവും നൽകിയ അധിക സൗകര്യങ്ങൾ ഭൂമി തരം മാറ്റത്തിനായി കുടിശ്ശിക ആയി കിടന്ന ഓഫ് ലൈൻ അപേക്ഷകൾ തീർപ്പാക്കുന്നതിനായി വളരെയേറെ പ്രയോജനപ്പെട്ടുകയുണ്ടായി. എന്നാൽ ഭൂമി തരംമാറ്റത്തിനായി ധാരാളം അപേക്ഷകൾ ലഭിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിലും പ്രസ്തുത ഫയലുകൾ കാലതാമസം കൂടാതെ തീർപ്പാക്കേണ്ടതുണ്ട് എന്നതിനാലും, ആയത്, റവന്യൂ ഡിവിഷണൽ ഓഫീസുകളിലെ നിലവിലുള്ള മാനുഷികവിഭവശേഷിക്ക് അപ്രാപ്യമായ സംഗതിയാണെന്നും, കൂടാതെ, ഭൂമി തരംമാറ്റത്തിനായി ശേഷിക്കുന്ന അപേക്ഷകൾ അതിവേഗം തീർപ്പാക്കുന്നതിന് PSC വഴി നിയമിക്കാവുന്ന സ്ഥിരം ജീവനക്കാരെ ആവശ്യമാണെന്ന് കണ്ടതിനാലും തുടർന്നും ലഭിച്ചുകൊണ്ടിരിക്കുന്ന അപേക്ഷകളിൽ നടപടി സ്വീകരിക്കുന്നതിനായും 01.09.2023 ലെ സ.ഉ. (കൈ) 206/2023/ആർഡി നമ്പർ ഉത്തരവ് പ്രകാരം, രണ്ട് വർഷത്തേക്ക് താല്ക്കാലിക തസ്തിക സൃഷ്ടിച്ച് 68 ജൂനിയർ സൂപ്രണ്ടുമാരെ സ്ഥാനക്കയറ്റത്തിലൂടെയും 181 ക്ലാർക്കുമാരെ പബ്ലിക് സർവ്വീസ് കമ്മീഷൻ |

മുഖേനയും നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവായിരുന്നു. കൂടാതെ, പ്രവർത്തന മികവ് പുലർത്തിയ 123 സർവ്വെയർമാരെ ദിവസ വേതനാടിസ്ഥാനത്തിൽ 179 ദിവസത്തേക്ക് കൂടി നിയമിച്ചും ഉത്തരവായിരുന്നു.

2. റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ കുടിശികയായിട്ടുള്ള അപേക്ഷകൾ വേഗത്തിൽ തീർപ്പാക്കുന്നതിനായി, 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിനും അനുബന്ധ ചട്ടങ്ങൾക്കും കീഴിൽ റവന്യൂ ഡിവിഷണൽ ഓഫീസർമാർക്ക് നിർണ്ണയിച്ചിട്ടുള്ളതും അപ്രകാരം അവരെ ചുമതലപ്പെടുത്തിയിട്ടുള്ളതുമായ അധികാരങ്ങൾ പൂർണ്ണമായോ ഭാഗികമായോ വിനിയോഗിക്കുന്നതിന് ഡെപ്യൂട്ടി കളക്ടർ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥൻമാർക്ക് അധികാരം നൽകി നിയോഗിക്കുന്നതിന് ഉദ്ദേശിച്ചുള്ള 2023-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമം 07.06.2024 ന് നിലവിൽ വന്നിട്ടുള്ളതാണ്. അതനുസരിച്ച്, ടി നിയമ പ്രകാരം സംസ്ഥാനത്തെ റവന്യൂ ഡിവിഷണൽ ഓഫീസർമാർ നിലവിൽ നിർവ്വഹിച്ചു വരുന്ന ചുമതലകൾ ഡെപ്യൂട്ടി കളക്ടർമാർക്കു കൂടി നൽകുമ്പോൾ അപേക്ഷകൾ കുറച്ചുകൂടി വേഗത്തിൽ തീർപ്പാക്കുന്നതിനും പരാതികൾ കുറയ്ക്കുന്നതിനും സഹായകരമാകുന്നതാണ്.

3. ഭൂമി തരംമാറ്റ അപേക്ഷകൾ കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച സാങ്കേതിക തടസ്സങ്ങൾ പരിഹരിക്കുന്നതിനായി സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ (SOP) തയ്യാറാക്കി നൽകിയിട്ടുള്ളതാണ്. കൂടാതെ, അപേക്ഷകൾ തീർപ്പാക്കുമ്പോൾ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ 27(സി) പ്രകാരം താലൂക്ക് ഓഫീസിലും വില്ലേജ് ഓഫീസിലും സ്വീകരിക്കേണ്ട ഭൂരേഖകളിലെ മാറ്റങ്ങൾ സംബന്ധിച്ച നടപടികൾ ലഘൂകരിക്കുന്നതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച 05.08.2023-ലെ സ.ഉ.(സാധാ) നം.2886/2023/RD യുടെ അടിസ്ഥാനത്തിൽ ഒരു സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ (SOP) തയ്യാറാക്കി നടപ്പാക്കിവരുന്നതാണ്. ഇതനുസരിച്ച് സബ് ഡിവിഷൻ ആവശ്യമില്ലാത്ത കേസുകളിൽ തരം മാറ്റ ഉത്തരവ് ലഭിച്ചാൽ പരമാവധി ഒരാഴ്ച്ചക്കുള്ളിൽ ഭൂരേഖകളിൽ മാറ്റം വരുത്തി ഭൂനികുതി ഒടുക്കുവരുത്തുവാൻ കഴിയുന്നതാണ്. സബ് ഡിവിഷൻ ആവശ്യമായി വരുന്ന കേസുകളിൽ സർവേ നടപടികൾ താൽക്കാലികമായി മാറ്റിവെച്ചും ഭൂനികുതി ഒടുക്കു വരുത്തുവാൻ ഇപ്പോൾ സാദ്ധ്യമാകുന്നതാണ്.

| | | | |
|---|---|---|---|
| | | | 4. തരംമാറ്റ അപേക്ഷകൾ അതിവേഗം തീർപ്പാക്കുന്നതിനായി കൃത്യമായ ഇടവേളകളിൽ തരംമാറ്റ അദാലത്തുകൾ നടത്തിവരുന്നുണ്ട്. ഇപ്രകാരം 2024 ജനുവരി 15 മുതൽ ഫെബ്രുവരി 17 വരെ സംസ്ഥാനത്തുടനീളം സംഘടിപ്പിച്ച തരംമാറ്റ അദാലത്തിൽ 25 സെന്റിൽ താഴെ വിസ്തീർണ്ണമുള്ള വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ സൗജന്യ നിരക്കിലുള്ള തരംമാറ്റവുമായി ബന്ധപ്പെട്ട 39,075 അപേക്ഷകൾ തീർപ്പാക്കിയിട്ടുമുണ്ട്. |
| (ബി) | സ്വകാര്യ ഏജൻസികളും റവന്യൂ വകുപ്പിൽ നിന്നും വിരമിച്ച ഉദ്യോഗസ്ഥരും അടങ്ങിയ മാഫിയ സംഘങ്ങൾ ഭൂമി തരം മാറ്റൽ നടപടികൾ നിയന്ത്രിക്കുന്നു എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ഇത്തരത്തിലുള്ള ആരോപണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>സംസ്ഥാനത്ത്, ഭൂമിതരംമാറ്റത്തിനായുള്ള അപേക്ഷാ സമർപ്പണ നടപടികളിൽ, ചില സ്വകാര്യ ഏജൻസികൾ ഇടപെടൽ നടത്തി വരുന്നുണ്ട്. വലിയൊരു വിഭാഗം അപേക്ഷകർ അക്ഷയ സെന്ററുകൾ മുഖേനയാണ് അപേക്ഷ സമർപ്പിക്കുന്നതെങ്കിലും സംസ്ഥാനത്തിന് പുറത്തും വിദേശത്തും ജോലിചെയ്യുന്നവരിൽ പലരും മറ്റ് തിരക്കുകൾ ഉള്ളവരും, അവരുടെ സൗകര്യാർത്ഥം തരം മാറ്റ അപേക്ഷകൾ സമർപ്പിക്കുന്നതിനായി, അവരുടെ സ്വന്തം താൽപ്പര്യത്തിൽ, ഇത്തരത്തിൽ സ്വകാര്യ ഏജൻസികളുടെ സേവനം തേടി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇപ്രകാരമുള്ള സ്വകാര്യ ഏജൻസികൾ ഭൂമി തരം മാറ്റൽ നടപടികൾ നിയന്ത്രിക്കുന്നു എന്ന രീതിയിലോ, ഏതെങ്കിലും ക്രമക്കേടുകൾ സംബന്ധിച്ചോ ഉള്ള പരാതി ശ്രദ്ധയിൽപ്പെടുന്ന വേളയിൽ തന്നെ, ബന്ധപ്പെട്ട അധികൃതർ/ജില്ലാ കളക്ടർമാർ മുഖേന അന്വേഷണം നടത്തി നടപടി സ്വീകരിക്കുവാൻ നിർദേശിച്ച് പരാതികൾ അവർക്ക് കൈമാറിവരുന്നുണ്ട്. ഇത്തരം പരാതികളിൽ, ആവർത്തന സ്വഭാവമുള്ളവ, ബന്ധപ്പെട്ട റവന്യൂ വിജിലൻസ് ഡെപ്യൂട്ടി കളക്ടർമാർ മുഖേനയും അന്വേഷണം നടത്തുവാനായി നിർദ്ദേശിച്ച് പരാതികൾ കൈമാറി വരുകയും ചെയ്യുന്നുണ്ട്.<br><br>സേവനത്തെ മറയാക്കി ഇത്തരം ഏജൻസികൾ നടത്തി വരുന്ന തട്ടിപ്പുകൾ നിയന്ത്രിക്കുന്നതിനും അന്വേഷിക്കുന്നതിനും റവന്യൂ വിജിലൻസിനേയും വിജിലൻസ് (പോലീസ്) ചുമതലപ്പെടുത്തിക്കൊണ്ട് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>ഇപ്രകാരം ക്രമക്കേടുകൾ സംബന്ധിച്ച ആരോപണങ്ങൾ അന്വേഷണ വിധേയമാക്കുമ്പോൾ, ആരോപണങ്ങളിൽ കഴമ്പുണ്ടെന്ന് വ്യക്തമാകുന്ന |

| | | | |
|---|---|---|---|
| | | | പക്ഷം, ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>മുൻഗണനാ ക്രമം കർശനമായും പാലിച്ചാണ് റെലിസ് (ReLIS) പോർട്ടലിലൂടെ തരം മാറ്റ അപേക്ഷകൾ അനുവദിച്ചു വരുന്നത്. എന്നിരുന്നാലും, ആവശ്യമാകുന്ന കേസുകളിൽ ജില്ലാ കലക്ടറേറ്റുകളിലെ ഇൻസ്പെക്ഷൻ വിഭാഗം മുഖേന ആകസ്മിക പരിശോധന നടത്തിയും ആരോപണങ്ങൾ ത്വരിതാന്വേഷണ വിധേയമാക്കുന്നുണ്ട്. |
| (സി) | എങ്കിൽ ഇത്തരം മാഫിയ സംഘങ്ങളെ ഒഴിവാക്കുന്നതിനും ചട്ടവിരുദ്ധമായ ഇടപാടുകൾ നടക്കുന്നില്ലെന്ന് ഉറപ്പാക്കുന്നതിനും സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ? | (സി) | ഇത്തരത്തിലുള്ള ആരോപണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>സംസ്ഥാനത്ത്, ഭൂമിതരംമാറ്റത്തിനായുള്ള അപേക്ഷാ സമർപ്പണ നടപടികളിൽ, ചില സ്വകാര്യ ഏജൻസികൾ ഇടപെടൽ നടത്തി വരുന്നുണ്ട്. വലിയൊരു വിഭാഗം അപേക്ഷകർ അക്ഷയ സെന്ററുകൾ മുഖേനയാണ് അപേക്ഷ സമർപ്പിക്കുന്നതെങ്കിലും സംസ്ഥാനത്തിന് പുറത്തും വിദേശത്തും ജോലിചെയ്യുന്നവരിൽ പലരും മറ്റു തിരക്കുകൾ ഉള്ളവരും, അവരുടെ സൗകര്യാർത്ഥം തരം മാറ്റ അപേക്ഷകൾ സമർപ്പിക്കുന്നതിനായി, അവരുടെ സ്വന്തം താൽപ്പര്യത്തിൽ, ഇത്തരത്തിൽ സ്വകാര്യ ഏജൻസികളുടെ സേവനം തേടി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇപ്രകാരമുള്ള സ്വകാര്യ ഏജൻസികൾ ഭൂമി തരം മാറ്റൽ നടപടികൾ നിയന്ത്രിക്കുന്നു എന്ന രീതിയിലോ, ഏതെങ്കിലും ക്രമക്കേടുകൾ സംബന്ധിച്ചോ ഉള്ള പരാതി ശ്രദ്ധയിൽപ്പെടുന്ന വേളയിൽ തന്നെ, ബന്ധപ്പെട്ട അധികൃതർ/ജില്ലാ കളക്ടർമാർ മുഖേന അന്വേഷണം നടത്തി നടപടി സ്വീകരിക്കുവാൻ നിർദേശിച്ച് പരാതികൾ അവർക്ക് കൈമാറിവരുന്നുണ്ട്. ഇത്തരം പരാതികളിൽ, ആവർത്തന സ്വഭാവമുള്ളവ, ബന്ധപ്പെട്ട റവന്യൂ വിജിലൻസ് ഡെപ്യൂട്ടി കളക്ടർമാർ മുഖേനയും അന്വേഷണം നടത്തുവാനായി നിർദ്ദേശിച്ച് പരാതികൾ കൈമാറി വരുകയും ചെയ്യുന്നുണ്ട്.<br><br>സേവനത്തെ മറയാക്കി ഇത്തരം ഏജൻസികൾ നടത്തി വരുന്ന തട്ടിപ്പുകൾ നിയന്ത്രിക്കുന്നതിനും അന്വേഷിക്കുന്നതിനും റവന്യൂ വിജിലൻസിനേയും വിജിലൻസ് (പോലീസ്) ചുമതലപ്പെടുത്തിക്കൊണ്ട് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>ഇപ്രകാരം ക്രമക്കേടുകൾ സംബന്ധിച്ച ആരോപണങ്ങൾ അന്വേഷണ വിധേയമാക്കുമ്പോൾ, |

| | | | |
|---|---|---|---|
| | | | ആരോപണങ്ങളിൽ കഴമ്പുണ്ടെന്ന് വ്യക്തമാകുന്ന പക്ഷം, ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>മുൻഗണനാ ക്രമം കർശനമായും പാലിച്ചാണ് റെലിസ് (ReLIS) പോർട്ടലിലൂടെ തരം മാറ്റ അപേക്ഷകൾ അനുവദിച്ചു വരുന്നത്. എന്നിരുന്നാലും, ആവശ്യമാകുന്ന കേസുകളിൽ ജില്ലാ കലക്ടറേറ്റുകളിലെ ഇൻസ്പെക്ഷൻ വിഭാഗം മുഖേന ആകസ്മിക പരിശോധന നടത്തിയും ആരോപണങ്ങൾ ത്വരിതാന്വേഷണ വിധേയമാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം - ഭൂമി തരം മാറ്റം അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽ ദൗത്യത്തിനായി സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ഉത്തരവാകുന്നത് - സംബന്ധിച്ച്

**റവന്യൂ (പി) വകുപ്പ്**

സ.ഉ.(കൈ) നം.56/2022/RD തീയതി,തിരുവനന്തപുരം, 22-02-2022

| | |
|---|---|
| പരാമർശം:- | ഭൂമി തരം മാറ്റം അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽ ദൗത്യത്തിനായി സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് ലാൻഡ് റവന്യൂ കമ്മീഷണർ ലഭ്യമാക്കിയ പ്രൊപ്പോസൽ |

**<u>ഉത്തരവ്</u>**

കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം സംസ്ഥാനത്ത്, നിലവിൽ 27 റവന്യൂ ഡിവിഷണൽ ഓഫീസുകളിലായി 1,12,539 അപേക്ഷകൾ തീർപ്പാക്കാനായി ശേഷിക്കുന്നുണ്ട്. 25 സെന്റ് വരെ വിസ്തൃതിയുള്ള വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ തരം മാറ്റം, സൗജന്യ നിരക്കിൽ അനുവദിച്ചുകൊണ്ട്, കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടങ്ങളിൽ വന്നിട്ടുള്ള ഭേദഗതിയുടെ അടിസ്ഥാനത്തിലും, സംസ്ഥാനത്ത് ഭൂമിയുടെ കരം അടവ് പൂർണ്ണമായും ഓൺലൈൻ ആക്കി മാറ്റിയതിനാൽ കരം രസീതിയിലൂടെ ഭൂമിയുടെ തരം മനസ്സിലാക്കുവാൻ കഴിഞ്ഞതിനാലും, തരം മാറ്റത്തിനുള്ള അപേക്ഷകളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ, ഭൂമി തരം മാറ്റ അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽ ദൗത്യത്തിനായി കൈക്കൊള്ളേണ്ടുന്ന തീരുമാനം സംബന്ധിച്ച്, പരാമർശ പ്രകാരമുള്ള പ്രൊപ്പോസൽ ലാൻഡ് റവന്യൂ കമ്മീഷണർ ലഭ്യമാക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം, തരം മാറ്റത്തിനുള്ള അപേക്ഷകൾ ക്രമാതീതമായി വർദ്ധിച്ച സാഹചര്യത്തിൽ, പ്രസ്തുത അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽ ദൗത്യത്തിനായി ചുവടെ ചേർത്തിരിക്കുന്ന നിർദ്ദേശങ്ങൾ, മന്ത്രിസഭായോഗ തീരുമാനത്തിന്റെ സാധൂകരണത്തിന് വിധേയമായി ഉത്തരവാകുന്നു.

1) ജൂനിയർ സൂപ്രണ്ടുമാരെ സെലക്ട് ലിസ്റ്റിൽ നിന്നും താത്ക്കാലികമായി ഉദ്യോഗക്കയറ്റം നൽകിയും, ക്ലാർക്ക്/ഡാറ്റാ എൻട്രി ഓപ്പറേറ്റർ, എന്നിവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിച്ചു

കൊണ്ടും, 990 താത്ക്കാലിക തസ്തികകൾ 6 മാസത്തേക്ക് ചുവടെ ചേർത്ത പ്രകാരം സൃഷ്ടിച്ച് ഉത്തരവാകുന്നു.

a) 5000 - ൽ അധികം അപേക്ഷകൾ തീർപ്പാക്കാനുള്ള 9 റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ, 1 ജൂനിയർ സൂപ്രണ്ട്, 4 ക്ലാർക്ക്, 1 ഡേറ്റാ എൻട്രി ഓപ്പറേറ്റർ.

b) 2000 - 5000 ഇടയ്ക്ക് അപേക്ഷകൾ തീർപ്പാക്കാനുള്ള 9 റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ, 1 ജൂനിയർ സൂപ്രണ്ട്, 2 ക്ലാർക്ക്, 1 ഡേറ്റാ എൻട്രി ഓപ്പറേറ്റർ.

c) 1000 - 2000 ഇടയ്ക്ക് അപേക്ഷകൾ തീർപ്പാക്കാൻ അവശേഷിക്കുന്ന 5 റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ, 2 ക്ലാർക്ക്, 1 ഡേറ്റാ എൻട്രി ഓപ്പറേറ്റർ.

d) 5000 - ൽ അധികം അപേക്ഷകൾ തീർപ്പാക്കാനുള്ള 9 റവന്യൂ ഡിവിഷണൽ ഓഫീസുകളുടെയും , 2000 - 5000 ഇടയ്ക്ക് അപേക്ഷകൾ തീർപ്പാക്കാനുള്ള 9 റവന്യൂ ഡിവിഷണൽ ഓഫീസുകളുടെയും, പരിധിയിൽ വരുന്ന 51 താലൂക്കുകളിൽ, 1 ക്ലാർക്ക്, 3 സർവ്വേയർ.

e) അപേക്ഷകളുടെ എണ്ണം 100-ന് മുകളിൽ വരുന്ന വില്ലേജുകളിൽ, ഭൂമിയുടെ തരം മാറ്റൽ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിന് മാത്രമായി, ഒരു ക്ലാർക്ക്.

2) 1000-ൽ താഴെ അപേക്ഷകൾ നിലനിൽക്കുന്ന 4 റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ, നിലവിലുള്ള സ്റ്റാഫിന് പുറമേ, വകുപ്പിനുള്ളിൽ നിന്നു തന്നെ അധിക ജീവനക്കാരെ നിയമിച്ച് അപേക്ഷ തീർപ്പാക്കേണ്ടതാണ്.

3) ഫീൽഡ് പരിശോധനക്കായി 2 വില്ലേജുകളിൽ ഒരു വാഹനം എന്ന നിലയ്ക്ക് 6 മാസത്തേയ്ക്ക് വാടകയ്ക്ക് വാഹനസൗകര്യം അനുവദിച്ച് ഉത്തരവാകുന്നു. (വാഹനം :- എണ്ണം - 340, മാസവാടക - 35,000/- രൂപ)

4) അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽ ദൗത്യത്തിനായുള്ള ഐ.റ്റി അനുബന്ധ സൗകര്യങ്ങൾക്ക് വേണ്ടുന്ന ഉപകരണങ്ങളായ, കമ്പ്യൂട്ടർ, സ്കാനർ, പ്രിന്റർ എന്നിവയ്ക്ക് ആകെ 5,99,93,000/- രൂപ (അഞ്ച് കോടി തൊണ്ണൂറ്റി ഒൻപത് ലക്ഷത്തി തൊണ്ണൂറ്റി മൂവായിരം രൂപ) അനുവദിച്ച് ഉത്തരവാകുന്നു.

5) മേൽ പ്രകാരമുള്ള ആവശ്യത്തിലേയ്ക്കായി, കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ 27ഡി വകുപ്പ് പ്രകാരമുള്ള കാർഷിക അഭിവൃദ്ധി ഫണ്ടിലേക്ക് പ്രാഥമികമായി 10 കോടി രൂപ അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഡോ .എ .ജയതിലക് ഐ എ എസ്**

**അഡീഷണൽ ചീഫ് സെക്രട്ടറി**

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

എല്ലാ ജില്ലാ കളക്ടർമാർക്കും

എല്ലാ റവന്യൂ ഡിവിഷണൽ ഓഫീസർമാർക്കും

ധനകാര്യ വകുപ്പ്

നിയമ വകുപ്പ് (10.02.2022-ലെ Exp-A1/62/2022 കുറിപ്പ് പ്രകാരം)

പൊതുഭരണ (എസ്.സി) വകുപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (A & E), കേരള, തിരുവനന്തപുരം.

ഐ & പി. ആർ. ഡി വകുപ്പ് - (വിപുലമായ പ്രചാരണത്തിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Kadeeja A A**
**Date: 22-02-2022 15:36:46**

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു.മുഖ്യമന്ത്രിയുടെ പി.എസ്-ന്

ബഹു.റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ പി.എസ്-ന്

ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ പി.എസ്-ന്

ബഹു.റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരമുള്ള തരം മാറ്റത്തിനായി ശേഷിക്കുന്ന അപേക്ഷകൾ തീർപ്പാക്കുന്നതിനായി 22.02.2022-ലെ സ.ഉ.(കൈ)നം. 56/2022/RD സർക്കാർ ഉത്തരവ് പ്രകാരം നിയമിച്ച താത്ക്കാലിക ജീവനക്കാരുടെ സേവനം, അനുബന്ധ സൗകര്യങ്ങൾ തുടങ്ങിയവ ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (പി) വകുപ്പ്**

സ.ഉ.(കൈ) നം.278/2022/RD തീയതി,തിരുവനന്തപുരം, 26-11-2022

---

പരാമർശം:- 1. 22.02.2022-ലെ സ.ഉ.(കൈ)നം. 56/2022/RD സർക്കാർ ഉത്തരവ് .

2. ലാൻഡ് റവന്യൂ കമ്മീഷണറുടെ 17.10.2022-ലെ LR/3045/2022-LR(R1) നം. കത്ത് .

**ഉത്തരവ്**

സംസ്ഥാനത്ത് 27 റവന്യൂ ഡിവിഷണൽ ഓഫീസുകളിലായി ലഭിച്ച, കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള തരം മാറ്റത്തിനുള്ള അപേക്ഷകളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചിരുന്നതിനാൽ, അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽ ദൗത്യത്തിനായുള്ള നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട്, പരാമർശം (1) പ്രകാരമുള്ള ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. പരാമർശം (1)-ലെ ഉത്തരവ് പുറപ്പെടുവിച്ച വേളയിൽ, തരം മാറ്റവുമായി ബന്ധപ്പെട്ട് ആകെ 212169 അപേക്ഷകൾ തീർപ്പാക്കാനായി ശേഷിച്ചിരുന്നു. ടി അപേക്ഷകളിൽ, 14.11.2022 വരെ 194912 (91.87%) ഓഫ് ലൈൻ അപേക്ഷകളും, 11250 ഓൺ ലൈൻ അപേക്ഷകളും തീർപ്പാക്കുവാൻ സാധിച്ചു. നിലവിൽ 17257 ഓഫ് ലൈൻ അപേക്ഷകളും 151921 ഓൺ ലൈൻ അപേക്ഷകളും തീർപ്പാക്കുവാൻ ശേഷിക്കുന്നുണ്ട്. ഇപ്രകാരം തീർപ്പാക്കാനായി ശേഷിക്കുന്ന അപേക്ഷകൾ കൂടി തീർപ്പാക്കുന്നതോടെ, 300 കോടിയോളം രൂപ സർക്കാർ ഖജനാവിലേക്ക് അധികമായി എത്തിച്ചേരുന്നതാണെന്നും, ആയതിനാൽ, ശേഷിക്കുന്ന അപേക്ഷകളും സമയബന്ധിതമായി തീർപ്പാക്കുന്നതിനായി, പരാമർശം (1) പ്രകാരം നിയമിച്ച താൽക്കാലിക ജീവനക്കാരുടെയും, അനുവദിച്ച അനുബന്ധ സൗകര്യങ്ങളുടെയും കാലാവധി, 6 മാസത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചു നല്കണമെന്നും, ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശം (2) പ്രകാരം ആവശ്യപ്പെടുകയുണ്ടായി.

3 . ടി ആവശ്യത്തിലേക്കായി പുതിയതായി നിയമനം നടത്തുന്ന പക്ഷം, വീണ്ടും പരിശീലനം നൽകി പുതിയ ആളുകളെ നിയമിക്കുന്നത് ശ്രമകരവും സമയ നഷ്ടത്തിന് ഇടയാക്കുന്നതുമാണ്. ആയതിനാൽ, സ്പെഷ്യൽ ഡ്രൈവ് തുടരുന്നതിനായി, നിയമ/ ചട്ടങ്ങൾ സംബന്ധിച്ചും മറ്റ് സാങ്കേതിക വിഷയങ്ങൾ സംബന്ധിച്ചും പരിശീലനം

നൽ കി നിയമിച്ചിട്ടുള്ളവരെ, നിലവിലെ 179 ദിവസത്തെ സേവന കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക്, ഹ്രസ്വ കാലത്തേക്ക് വിടുതൽ ചെയ്ത ശേഷം പുനർനിയമിച്ചു കൊണ്ട്, ടിയാളുകളുടെ സേവനം, ആറ് മാസത്തേക്ക് കൂടി ദീർഘിപ്പിച്ചു നൽകിയാൽ തരം മാറ്റത്തിനുള്ള അപേക്ഷകൾ തീർപ്പാക്കുന്നത് തടസ്സം കൂടാതെ നടപ്പിലാക്കുവാൻ കഴിയും എന്ന് വിലയിരുത്തുകയുണ്ടായി.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സേവനകാലാവധി വീണ്ടും ദീർഘിപ്പിക്കുകയില്ല എന്ന നിബന്ധനയോടെ, പൊതു താല്പര്യം പരിഗണിച്ച്, കേരള നെൽവയൽതണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള തരം മാറ്റത്തിനുള്ള അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽദൗത്യത്തിനായി, പരാമർശം (1) പ്രകാരം പുറപ്പെടുവിച്ച സർക്കാർഉത്തരവിന്റെ അടിസ്ഥാനത്തിൽനിയമിച്ച താത്ക്കാലിക ജീവനക്കാരുടെ സേവനം, 179 ദിവസ കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക്, ഒരു ദിവസത്തെ ഇടവേള നല്കിയശേഷം താത്ക്കാലിക നിയമനങ്ങളുമായി ബന്ധപ്പെട്ട് ധനവകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലെ നിബന്ധനകൾക്ക് വിധേയമായി 179 ദിവസത്തേക്കുകൂടി ദീർഘിപ്പിച്ചു കൊണ്ട്, പുനർനിയമിച്ച് ചുവടെ പറയുന്ന നിബന്ധനകളോടെ ഉത്തരവാകുന്നു.

A) ജൂനിയർസൂപ്രണ്ടുമാരെ സെലക്ട് ലിസ്റ്റിൽനിന്നും താത്ക്കാലികമായി ഉദ്യോഗക്കയറ്റം നൽകി നിയമിക്കേണ്ടതാണ്.

B) 5000 –ൽ അധികം അപേക്ഷകൾ തീർപ്പാക്കാനുള്ള 9 റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ 1 ജൂനിയർ സൂപ്രണ്ട്, 4 ക്ലാർക്ക് 1 ഡേറ്റാ എൻട്രി ഓപ്പറേറ്റർ എന്നീ ക്രമത്തിൽ നിയമിക്കണം

C) 2000 - 5000 ഇടയ്ക്ക് അപേക്ഷകൾ തീർപ്പാക്കാനുള്ള 9 റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ1 ജൂനിയർ സൂപ്രണ്ട്, 2 ക്ലാർക്ക് , 1 ഡേറ്റാ എൻട്രി ഓപ്പറേറ്റർ ക്രമത്തിൽ നിയമിക്കണം

D) 1000 - 2000 ഇടയ്ക്ക് അപേക്ഷകൾ തീർപ്പാക്കൽ അവശേഷിക്കുന്ന 5 റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ, 2 ക്ലാർക്ക്, 1 ഡേറ്റാ എൻട്രി ഓപ്പറേറ്റർ ക്രമത്തിൽ നിയമിക്കണം

E) 5000 –ൽ അധികം അപേക്ഷകൾ തീർപ്പാക്കാനുള്ള 9 റവന്യൂ ഡിവിഷണൽ ഓഫീസുകളുടെയും 2000 - 5000 ഇടയ്ക്ക് അപേക്ഷകൾ തീർപ്പാക്കാനുള്ള 9 റവന്യൂ ഡിവിഷണൽ ഓഫീസുകളുടെയും, പരിധിയിൽ വരുന്ന 51 താലൂക്കുകളിൽ, 1 ക്ലാർക്ക്, 3 സർവ്വേയർ ക്രമത്തിൽ നിയമിക്കണം

F) അപേക്ഷകളുടെ എണ്ണം 100-ന് മുകളിൽ വരുന്ന വില്ലേജുകളിൽ, ഭൂമിയുടെ തരം മാറ്റൽ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിന് മാത്രമായി, ഒരു ക്ലാർക്കിനെ നിയമിക്കണം.

G) 1000- ൽ താഴെ അപേക്ഷകൾ നിലനിൽക്കുന്ന 4 റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ, നിലവിലുള്ള സ്റ്റാഫിന് പുറമേ വകുപ്പിനുള്ളിൽ നിന്നു തന്നെ അധിക ജീവനക്കാരെ നിയമിച്ച് അപേക്ഷ തീർപ്പാക്കേണ്ടതാണ്.

H) ഫീൽഡ് പരിശോധനക്കായി 2 വില്ലേജുകളിൽ ഒരു വാഹനം എന്ന നിലയ്ക്ക് 6 മാസത്തേയ്ക്ക് വാടകയ്ക്ക് വാഹനസൗകര്യം അനുവദിച്ച് ഉത്തരവാകുന്നു. (വാഹനം :- എണ്ണം - 340, മാസവാടക 35,000/- രൂപ )

I) മേൽ പ്രകാരമുള്ള ആവശ്യത്തിലേയ്ക്കായി കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ 27ഡി വകുപ്പ് പ്രകാരമുള്ള കാർഷിക അഭിവൃദ്ധി ഫണ്ടിലേക്ക് 10 കോടി രൂപ കൂടി അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ആർ ജ്യോതിലാൽ
പ്രിൻസിപ്പൽ സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ റവന്യൂ ഡിവിഷണൽ ഓഫീസർമാർക്കും
ധനകാര്യ വകുപ്പ് (15-11-2022-ലെ E-2242858/EXP-D1/25/2022-FIN പ്രകാരം)
പൊതുഭരണ (എസ്.സി) വകുപ്പ് ഇനം( )
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (A& E) , കേരള , തിരുവനന്തപുരം
ഐ & പി.ആർ.ഡി വകുപ്പ് (വിപുലമായ പ്രചാരണത്തിന്)

സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Sujith G R
Date: 26-11-2022 15:51:03
സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം തരംമാറ്റത്തിനായുള്ള അപേക്ഷകൾ തീർപ്പാക്കുന്നതിനായി രണ്ട് വർഷത്തേയ്ക്ക്, താൽക്കാലിക തസ്തിക സൃഷ്ടിച്ച്, സ്ഥാനക്കയറ്റം വഴിയും പി.എസ്.സി. മുഖേനയും സ്ഥിര ജീവനക്കാരെ നിയമിക്കുന്നതിന് -അനുമതി നൽകി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (പി) വകുപ്പ്

സ.ഉ.(കൈ) നം.206/2023/RD തീയതി,തിരുവനന്തപുരം, 01-09-2023

---

പരാമർശം:-
1. 22.02.2022-ലെ സ.ഉ (കൈ) നം.56/2022/RD ഉത്തരവ്.
2. 26.11.2022-ലെ സ.ഉ (കൈ) നം.278/2022/RD ഉത്തരവ്.
3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 22.05.2023-ലെ 3045/2022-LR-R1 നം.റിപ്പോർട്ട്.

**<u>ഉത്തരവ്</u>**

കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരമുള്ള ഭൂമി തരം മാറ്റത്തിനുള്ള അപേക്ഷകൾ ക്രമാതീതമായി വർദ്ധിച്ച സാഹചര്യത്തിൽ, പ്രസ്തുത അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽ ദൗത്യത്തിനായി സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട്, പരാമർശം (1) പ്രകാരമുള്ള ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. തുടർന്ന്, പൊതു താല്പര്യം പരിഗണിച്ച്, ശേഷിക്കുന്ന അപേക്ഷകളും സമയബന്ധിതമായി തീർപ്പാക്കുന്നതിനായി, സേവനകാലാവധി വീണ്ടും ദീർഘിപ്പിക്കുകയില്ല എന്ന നിബന്ധനയോടെ, പരാമർശം (1) പ്രകാരം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിയമിച്ച താത്ക്കാലിക ജീവനക്കാരുടെ സേവനം, 179 ദിവസ കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക്, ഒരു ദിവസത്തെ ഇടവേള നല്കിയശേഷം, താത്ക്കാലിക നിയമനങ്ങളുമായി ബന്ധപ്പെട്ട് ധനവകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലെ നിബന്ധനകൾക്ക് വിധേയമായി 1 7 9 ദിവസത്തേക്കുകൂടി ദീർഘിപ്പിച്ചു കൊണ്ട് പുനർനിയമിക്കുന്നതിനും, അനുവദിച്ച അനുബന്ധ സൗകര്യങ്ങളുടെ കാലാവധി 6 മാസത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചു നൽകുന്നതിനും, പരാമർശം (2) പ്രകാരമുള്ള ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

3. ഭൂമി തരംമാറ്റം പോലുള്ള ഫയലുകൾ അടിയന്തിരമായി തീർപ്പാക്കേണ്ടതുണ്ട് എന്നതിനാൽ, ആയത്, റവന്യൂ ഡിവിഷണൽ ആഫീസുകളിലെ നിലവിലുള്ള മാനുഷിക ശേഷിക്ക് അപ്രാപ്യമായ സംഗതിയാണെന്നും, ആയതിനാൽ ജൂനിയർ സൂപ്രണ്ടുമാരുടെയും സീനിയർ ക്ലാർക്കുമാരുടെയും താത്ക്കാലിക തസ്തിക സൃഷ്ടിച്ച്, ടി തസ്തികകളിലേയ്ക്ക് താത്ക്കാലികമായി ജീവനക്കാരെ സ്ഥാനക്കയറ്റം നൽകി നിയമിക്കുന്നതിനുള്ള അനുമതി നൽകണമെന്നും, പരാമർശം (1)-ലെയും പരാമർശം (2)-ലെയും ഉത്തരവുകൾ പ്രകാരം ജോലി ചെയ്തിരുന്ന താത്ക്കാലിക ജീവനക്കാരുടെ കാലാവധി 02.06.2023 തീയതി മുതൽ അവസാനിച്ച സാഹചര്യത്തിൽ, പരാമർശം ( 3 ) പ്രകാരം, ലാൻഡ് റവന്യൂ കമ്മീഷണർ

ആവശ്യപ്പെട്ടിരുന്നു.

4. ലാൻഡ് റവന്യൂ കമ്മീഷണറുടെ ടി നിർദ്ദേശം സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി. ഭൂമി തരം മാറ്റത്തിന് കുടിശ്ശികയായി കിടന്ന ഓഫ് ലൈൻ അപേക്ഷകൾ തീർപ്പാക്കുന്നതിന്, മേൽ പ്രകാരം ലഭ്യമാക്കിയ അധിക സൗകര്യങ്ങൾ വളരെയേറെ പ്രയോജനപ്പെടുകയുണ്ടായി. സംസ്ഥാനത്താകെ, നിലവിൽ, തരം മാറ്റത്തിനായി ലഭിച്ച 2 ലക്ഷത്തിലധികം ഓൺലൈൻ അപേക്ഷകൾ തീർപ്പാക്കാനായുള്ളതാണ്. കൂടാതെ, പ്രതിദിനം 500-ൽ അധികം ഓൺലൈൻ അപേക്ഷകൾ, സംസ്ഥാനത്താകെയുള്ള റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ ലഭിച്ചു കൊണ്ടിരിക്കുന്നുമുണ്ട്. മാത്രമല്ല, പരാമർശം (1)-ലെയും പരാമർശം (2)-ലെയും ഉത്തരവുകൾ പ്രകാരം ജോലി ചെയ്തിരുന്ന താത്ക്കാലിക ജീവനക്കാരുടെ കാലാവധി 02.06.2023 തീയതി മുതൽ അവസാനിച്ച സാഹചര്യത്തിൽ, എല്ലാ ജീവനക്കാരും പിരിഞ്ഞു പോയിട്ടുമുണ്ട്.

5. തരംമാറ്റവുമായി ബന്ധപ്പെട്ട വിവിധ രേഖകളുടെ പരിശോധന, വില്ലേജ് ഓഫീസർ / കൃഷി ഓഫീസർ എന്നിവർ സമർപ്പിക്കുന്ന റിപ്പോർട്ടുകളുടെ പരിശോധന, പരിവർത്തന ഫീസ് കണക്കുകൂട്ടൽ, സ്ഥലപരിശോധന ഉറപ്പാക്കേണ്ട കേസുകളിൽ KSREC റിപ്പോർട്ട് ശേഖരിച്ച് പരിശോധിക്കൽ എന്നിവയും, കൂടാതെ, വൈകിയുള്ള ജനന-മരണ രജിസ്ട്രേഷൻ, മജിസ്റ്റീരിയൽ നടപടിക്രമങ്ങൾ, രക്ഷാകർത്താക്കളുടെയും മുതിർന്ന പൗരന്മാരുടെയും ക്ഷേമം സംബന്ധിച്ച നിയമം, ഭൂമിയുടെ ന്യായവില നിർണ്ണയം, CrPC വകുപ്പ് 174, 133, പ്രകാരമുള്ള നടപടികൾ, പലവിധ അപ്പീലുകൾ, എന്നിങ്ങനെ അനവധി ചുമതലകൾ, ദിനംപ്രതി, റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ സമയബന്ധിതമായി കൈകാര്യം ചെയ്യേണ്ടതായിട്ടുണ്ട്. എന്നാൽ, ജോലി ഭാരത്തിന് അനുസരിച്ചുള്ള ജീവനക്കാർ റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ നിലവിലില്ലാത്തതാണ് .

6. ഭൂമി തരംമാറ്റ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിനായി, താത്ക്കാലിക ജീവനക്കാരെ ഇനി നിയമിക്കണമെങ്കിൽ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന പുതിയ ലിസ്റ്റ് ആവശ്യപ്പെട്ട് അതിൽ നിന്നും അഭിമുഖം നടത്തി നിയമിക്കണം. ആയതിന് തന്നെ ആറുമാസത്തോളം സമയം വേണ്ടിവരും. ഇത്തരത്തിൽ നിയമിക്കുന്ന ജീവനക്കാർക്ക് യൂസർനെയിം, പാസ്സ്‌വേർഡ് എന്നിവ നൽകാനോ റസ്പോൺസിബിലിറ്റി ഫിക്സ് ചെയ്യാനോ കഴിയില്ല. കൂടാതെ, ഭൂമി തരംമാറ്റത്തിനായുള്ള ഓൺലൈൻ അപേക്ഷകളെ സംബന്ധിച്ച്, ഇൻറർ മീഡിയറി ഓഫീസർമാരായ ജൂനിയർ സൂപ്രണ്ടുമാരുടെ എണ്ണവും കൂടുതലായി ആവശ്യമാണ്.

7. 2022-23 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച ഓൺലൈൻ അപേക്ഷകളുടെ തീർപ്പാക്കലിലൂടെ മാത്രം 385.79 കോടി രൂപ സർക്കാർ ഖജനാവിലേക്ക് എത്തി ചേർന്നിട്ടുള്ളതാണ്. ഇപ്രകാരം, ഭൂമി തരംമാറ്റ അപേക്ഷകളുടെ തീർപ്പാക്കലിലൂടെ, ഓരോ വർഷവും സർക്കാരിലേക്ക് ചുരുങ്ങിയത് 200 കോടി രൂപ ലഭിക്കുന്നതുമാണ്.

8. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ, **2008-**ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം, ഭൂമി തരംമാറ്റത്തിനായി ശേഷിക്കുന്ന അപേക്ഷകൾ അതിവേഗം തീർപ്പാക്കുന്നതിനും, തുടർന്നും ലഭിച്ചു കൊണ്ടിരിക്കുന്ന അപേക്ഷകളിൽ കാലതാമസം കൂടാതെ നടപടി സ്വീകരിക്കുന്നതിനുമായി, രണ്ട് വർഷത്തിനു ശേഷം വരുന്ന ഒഴിവുകളിൽ ജീവനക്കാരെ ആഗിരണം ചെയ്യാം എന്ന നിബന്ധനയിൽ, രണ്ട് വർഷത്തേയ്ക്ക് താത്ക്കാലിക തസ്തിക സൃഷ്ടിച്ച്, **6 8 ജൂനിയർ സൂപ്രണ്ട് മാരെ സ്ഥാനക്കയറ്റത്തിലൂടെയും, 181 ക്ലാർക്കുമാരെ പബ്ലിക് സർവ്വീസ് കമ്മീഷൻ** മുഖേനയും നിയമിക്കുന്നതിന് അനുമതി നല്കി ഇതിനാൽ ഉത്തരവാകുന്നു. കൂടാതെ, മുമ്പ് സേവനമനുഷ്ഠിച്ചിരുന്ന **140 സർവ്വേയർമാരിൽ നിന്നും, പ്രവർത്തന മികവ് പുലർത്തിയിട്ടുള്ള 123 സർവ്വേയർമാരെ, താത്ക്കാലിക നിയമനങ്ങളുമായി ബന്ധപ്പെട്ട് ധനവകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലെ നിബന്ധനകൾക്ക്**

**വിധേയമായി, ദിവസവേതന അടിസ്ഥാനത്തിൽ** 179 ദിവസത്തേക്ക് കൂടി നിയമിക്കുന്നതിനും, ഫീൽഡ് പരിശോധനയ്ക്കായി 220 വാഹനങ്ങൾ വാടകയ്ക്ക് ഒരു വർഷത്തേക്ക് അനുവദിച്ചും ഉത്തരവാകുന്നു .

9. കോട്ടയം ജില്ലയിൽ, മേൽ സ്ഥാനക്കയറ്റങ്ങളും നിയമനങ്ങളും , തെരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടം അവസാനിക്കുന്ന മുറയ്ക്ക് മാത്രം ബാധകമാകുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

ലാന്റ്റവന്യൂകമ്മീഷണർ,തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ റവന്യൂ ഡിവിഷണൽ ഓഫീസർമാർക്കും
ധനകാര്യവകുപ്പ് ( 26.07.2023-ലെEXP-D1/25/2022-FIN പ്രകാരം)
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം............................പ്രകാരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (A&E) , കേരളം, തിരുവനന്തപുരം.
ഐ & പി. ആർ. ഡി വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Kadeeja A A
സെക്ഷൻ ഓഫീസർ
Date: 01-09-2023 15:59:28

പകർപ്പ് : ബഹു.മുഖ്യമന്ത്രിയുടെ പി.എസ്-ന്
ബഹു.റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രിയുടെ പി.എസ്-ന്
ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ പി.എസ്-ന്
ബഹു.റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ-യ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

**2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം - ഭൂമി തരംമാറ്റ അപേക്ഷകൾ തീർപ്പാക്കുന്നതിലെ 27(സി) പ്രകാരമുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനായി സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് നിർദ്ദേശങ്ങൾ നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു .**

---

**റവന്യൂ (പി) വകുപ്പ്**

**സ.ഉ.(സാധാ) നം.2886/2023/RD തീയതി,തിരുവനന്തപുരം, 05-08-2023**

---

പരാമർശം:- 1. 78-ാമത് ' റവന്യൂ സെക്രട്ടേറിയറ്റ് ' യോഗത്തിന്റെ നടപടിക്കുറിപ്പ് .

2. ലാൻഡ് റവന്യൂ കമ്മീഷണറുടെ 15-07-2023-ലെ LR/7434/2023-LR(A4) നം. റിപ്പോർട്ട് .

**<u>ഉത്തരവ്</u>**

2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരമുള്ള ഭൂമി തരംമാറ്റ അപേക്ഷകൾ തീർപ്പാക്കുമ്പോൾ, 27(സി) പ്രകാരം സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതുമായി ബന്ധപ്പെട്ട്, പരാമർശം (1) - ലെ 'ഭൂമി തരംമാറ്റം' സംബന്ധിച്ചുള്ള യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, ചുവടെ ചേർത്തിട്ടുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു .

2. കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരമുള്ള ഭൂമി തരം മാറ്റവുമായി ബന്ധപ്പെട്ട അപേക്ഷകളിലെ, സബ് ഡിവിഷൻ ആവശ്യമില്ലാത്ത കേസുകളിൽ, ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ആഫീസറുടെ നടപടിക്രമം, തഹസിൽദാർ എൻഡോഴ്സ് ചെയ്ത്, വില്ലേജ് ഓഫീസർക്ക് 48 മണിക്കൂറിനകം നൽകി, റവന്യൂ രേഖകളിൽ തരംമാറ്റം വരുത്തേണ്ടതാണ്. സബ് ഡിവിഷൻ ആവശ്യമായിട്ടുള്ള കേസുകളിൽ, റവന്യൂ ഡിവിഷണൽ ആഫീസുകളിൽ നിന്നുമുള്ള ഉത്തരവിനോടൊപ്പം, തരംമാറ്റ അപേക്ഷയിലെ സ്കെച്ച് പകർപ്പ് കൂടി നല്കേണ്ടതാണ്. ഇപ്രകാരം, സബ് ഡിവിഷൻ ആവശ്യമായ കേസുകളിൽ, ഒരാഴ്ചയ്ക്കകം സർവ്വേ നടത്താൻ പറ്റാത്ത താലൂക്കുകളിലെല്ലാം തന്നെ, സബ് ഡിവിഷൻ നമ്പർ ReLIS മുഖേനയുണ്ടാക്കി, റവന്യൂ രേഖകളിൽ മാറ്റം വരുത്തി കരം ഒടുക്കി നൽകേണ്ടതും, സ്കെച്ചിന്റെ പകർപ്പ്, താലൂക്ക് ഓഫീസുകളിലും വില്ലേജ് ഓഫീസുകളിലും, സപ്ലിമെന്ററി അടിസ്ഥാന നികുതി രജിസ്റ്റർ മാതൃകയിൽ, ഫയൽ ചെയ്ത് സൂക്ഷിക്കേണ്ടതുമാണ്. ഇത്തരം കേസുകൾ പിന്നീട് സർവ്വേ നടത്തേണ്ടതും, സർവ്വേ പെൻഡിങ് ആണെന്ന വിവരം, ReLIS - ലും ബന്ധപ്പെട്ട രജിസ്റ്ററുകളിലും രേഖപ്പെടുത്തേണ്ടതുമാണ്.

3. മേൽ പ്രകാരമുള്ള നടപടിക്രമങ്ങൾ സംബന്ധിച്ച്, പരാമർശം (2) പ്രകാരമുള്ള റിപ്പോർട്ടിലെ വസ്തുതകൾ വ്യക്തമാക്കിക്കൊണ്ട്, ലാൻഡ് റവന്യൂ കമ്മീഷണർ, വിശദമായ സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ (SOP) പ്രസിദ്ധീകരിക്കേണ്ടതാണ്
.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അബ്ദുൾ നാസർ ബി ഐ എ എസ്
അഡിഷണൽ സെക്രട്ടറി

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ റവന്യൂ ഡിവിഷണൽ ഓഫീസർമാർക്കും
കൃഷി വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കണ്ടന്റ് ജനറൽ (A & E), കേരളം, തിരുവനന്തപുരം.
ഐ & പി.ആർ.ഡി വകുപ്പ് - (വിപുലമായ പ്രചാരണത്തിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Kadeeja A A
Date: 05-08-2023 13:38:42

സെക്ഷൻ ഓഫീസർ

ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രിയുടെ പി.എസ് - ന്
ബഹു. റവന്യൂ വകപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ - യ്ക്ക്